<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2654</u> <u>07-07-2022 - ൽ മറുപടിയ്ക്ക്</u>

<u>രജിസ്ട്രേഷൻ വകുപ്പിലെ ഓൺലൈൻ സംവിധാനത്തിലെ തകരാർ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയ ഓൺലൈൻ സംവിധാനത്തിലെ തകരാർ കാരണം സേവനങ്ങൾ തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ഒരേ സമയം വളരെയധികം പൊതുജനങ്ങൾ ഒരേ സേവനം ഉപയോഗിക്കുന്നത് വഴി രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് സൈറ്റിലുണ്ടാകുന്ന തിരക്കുകൾ വർദ്ധിക്കുന്നത് കാരണം സേവനങ്ങൾ മന്ദഗതിയിലാകാറുണ്ട്. ഇപ്രകാരം സേവനം മന്ദഗതിയിലാകുമ്പോൾ തിരക്കുകൾ പരമാവധി നിയന്ത്രണവിധേയമാക്കി സേവനം നൽകാറുണ്ട്. |
| (ബി) | എങ്കിൽ തകരാർ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (ബി) | നികുതി (രജിസ്ട്രേഷൻ) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 28/05/2022 തീയതിയിൽ ഇതു സംബന്ധിച്ച യോഗം ചേരുകയും, താഴെ പറയുന്ന തീരുമാനങ്ങളെടുക്കുകയും ആയവ അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു.<br><br>1) ഡാറ്റാബേസ് മാനേജ്മെന്റ് സിസ്റ്റം നിർമ്മാതാക്കളിൽ (POSTGRES) നിന്നും സാങ്കേതിക സഹായം തേടാൻ തീരുമാനിച്ചു.<br><br>2) നിലവിലുള്ള ഹാർഡ് വെയർ ഉപകരണങ്ങൾ സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ സ്ഥാപിയ്ക്കുന്നതിനുള്ള പ്രൊപ്പോസൽ എൻ.ഐ.സി (N.I.C) സമർപ്പിക്കേണ്ടതാണ്.<br><br>3) നിലവിലുള്ള ഡാറ്റാ ബേസ് സംവിധാനം ഏറ്റവും പുതിയ പതിപ്പിലേയ്ക്ക് മാറ്റേണ്ടതാണ്.<br><br>4) വകുപ്പിന്റെ ഉടമസ്ഥതയിലുള്ള അനുബന്ധ ഉപകരണങ്ങളും Disaster Recovery യുമായി ബന്ധപ്പെട്ടുള്ള ആവശ്യത്തിനായി ഉപയോഗിക്കേണ്ടതാണ്.<br><br>5) ഡാറ്റാ ബേസ് അഡ്മിനിസ്ട്രേറ്റർമാരെ നിയമിക്കേണ്ടതാണ് |

| | | | |
|---|---|---|---|
| | | | 6) Disaster Recoveryക്കായി സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്. |
| (സി) | 2022 മേയ്, ജൂൺ മാസങ്ങളിൽ സേവനങ്ങൾ തടസ്സപ്പെട്ടുവാൻ ഇടയാക്കിയ സോഫ്റ്റ്‌വെയർ തകരാർ പൂർണ്ണമായും പരിഹരിക്കുന്നതിന് സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | മെയ് മാസം അവസാനം വകുപ്പിന്റെ സോഫ്റ്റ് വെയർ തകരാർ കാരണം സേവനങ്ങളിൽ തടസ്സം നേരിട്ടത് സംബന്ധിച്ച് നികുതി (രജിസ്ട്രേഷൻ) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, N.I.C, Kerala State IT Mission എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും തകരാറുകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുകയുണ്ടായി. നിലവിൽ ഓൺലൈൻ സേവനങ്ങൾക്ക് തടസ്സങ്ങളൊന്നുമില്ല. |
| (ഡി) | രജിസ്ട്രേഷൻ വകുപ്പിലെ ഓൺലൈൻ സേവനവുമായി ബന്ധപ്പെട്ട് എൻ.ഐ.സിയുമായി എം.ഒ.യു. നിലവിലുണ്ടോ; എങ്കിൽ പകർപ്പ് നൽകാമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ